"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**ധനകാര്യ (റൂൾസ്- എ) വകുപ്പ്**

**സർക്കുലർ**

നം. 33/2025/ധന

തീയതി, തിരുവനന്തപുരം, 07.04.2025

വിഷയം :- കേരള സർവ്വീസ് ചട്ടങ്ങൾ - അപ്പെൻഡിക്സ് IV ക്ലാസ് IV - ഹിൽ ട്രാക്ക് അലവൻസിന് അർഹമായ പ്രദേശങ്ങൾ ഉൾപ്പെട്ട വില്ലേജുകൾ- സംബന്ധിച്ച്.

സൂചന :-
1. 28.06.1971 ലെ 55/71/ധന നമ്പർ പരിപത്രം.
2. 17.06.2014 ലെ 72026/RA2/07/FIN കത്ത്.
3. 29.07.2024, 18.10.2024 എന്നീ തീയതികളിലെ ലാന്റ് റവന്യൂ കമ്മീഷണറുടെ FBA9-29497/19 നമ്പർ കത്ത്.

കേരള സർവീസ് ചട്ടങ്ങൾ ഭാഗം I, അപ്പൻഡിക്സ് IV, ക്ലാസ് IV ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഹിൽ സ്റ്റേഷനുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്കാണ് ഹിൽ ട്രാക്ക് അലവൻസിന് (Special Compensatory Allowance) അർഹതയുള്ളതെന്നും, കേരള സർവീസ് ചട്ടങ്ങൾ ഭാഗം II, ചട്ടം 44 പ്രകാരമുള്ള അധിക യാത്രാബത്തയുമായി ബന്ധപ്പെട്ട അപ്പൻഡിക്സ് IX ൽ 'ഹിൽ ട്രാക്ക്' ആയി കണക്കാക്കുന്ന പ്രദേശങ്ങൾ ഉണ്ടെങ്കിലും പ്രസ്തുത പ്രദേശങ്ങളെല്ലാം അപ്പൻഡിക്സ് IV ൽ ഉൾപ്പെടുന്നില്ല എന്നതിനാൽ അപ്പൻഡിക്സ് IX ലെ എല്ലാ പ്രദേശങ്ങളിലും ജോലി നോക്കുന്ന ജീവനക്കാർക്ക് ഹിൽ ട്രാക്ക് അലവൻസിന് അർഹതയില്ല എന്നും സൂചന 1 പ്രകാരം വ്യക്തത വരുത്തിയിരുന്നു.

2. വിവിധ ജില്ലാ കളക്ടർമാർ ലഭ്യമാക്കിയ സ്ഥലവിവരങ്ങളുടെ അടിസ്ഥാനത്തിൽ അപ്പൻഡിക്സ് IX ക്ലാസ് I ൽ വിശദമാക്കിയിട്ടുള്ളതും, അപ്പൻഡിക്സ് IV ക്ലാസ് IV ൽ ഉൾപ്പെടുന്നതും, ഭൂമിശാസ്ത്രപരമായി ഹിൽ ട്രാക്കിൽ ഉൾപ്പെടുന്നതുമായ വില്ലേജുകളുടെ ജില്ല തിരിച്ചുള്ള പട്ടിക അക്കൗണ്ടന്റ് ജനറൽ ആവശ്യപ്പെട്ടതനുസരിച്ച് സൂചന 2 പ്രകാരം നൽകിയിരുന്നു. എന്നാൽ ഈ പട്ടികയിലെ പ്രദേശങ്ങളിൽ ഉൾപ്പെടാത്ത ചില ഓഫീസുകളിലെ ജീവനക്കാർക്ക് ഹിൽ ട്രാക്ക് അലവൻസ് അനുവദിച്ച് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

3. ഈ സാഹചര്യത്തിൽ അപ്പൻഡിക്സ് IV ക്ലാസ് IV ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഹിൽ സ്റ്റേഷനുകളിൽ ഉൾപ്പെടുന്ന വില്ലേജുകളെ സംബന്ധിച്ച്, സൂചന 3 പ്രകാരം ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള

വില്ലേജുകളിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിലെ ജീവനക്കാർക്ക് മാത്രമാണ് ഹിൽ ട്രാക്ക് അലവൻസ് (Special Compensatory Allowance) അനുവദിക്കുന്നതെന്ന് എല്ലാ വകുപ്പ് തലവൻമാരും ഡ്രോയിംഗ് ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്.

**ലക്ഷ്മി രഘുനാഥൻ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II ), കേരള, തിരുവനന്തപുരം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർ.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
കേരളത്തിലെ എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർ.
എല്ലാ സർക്കാർ കമ്പനികൾ / ബോർഡുകൾ / കോർപ്പറേഷനുകൾ / പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർ / ജനറൽ മാനേജർ.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E: 1654913 EXP-B2/622/2020-FIN)

പകർപ്പ്

ബഹു. ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
ബഹു. നിയമസഭാ സ്പീക്കറുടേയും, ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നമ്പർ | ജില്ല | താലൂക്ക് | വില്ലേജുകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | നെടുമങ്ങാട് | ആര്യനാട് |
| | | | വിതുര |
| | | | പെരിങ്ങമല |
| | | | തെന്നൂർ |
| | | കാട്ടാക്കട | അമ്പൂരി |
| | | | വാഴിച്ചൽ |
| | | | കള്ളിക്കാട് |
| 2 | കൊല്ലം | പുനലൂർ | കുളത്തൂപ്പുഴ |
| | | | തെൻമല |
| 3 | പത്തനംതിട്ട | കോന്നി | തണ്ണിത്തോട് |
| | | | അരുവാപ്പലം |
| | | | ചിറ്റാർ |
| | | | സീതത്തോട് |
| | | റാന്നി | കൊല്ലമുള |
| | | | പെരുനാട് |
| 4 | ആലപ്പുഴ | ഇല്ല | |
| 5 | കോട്ടയം | ഇല്ല | |
| 6 | ഇടുക്കി | ഇടുക്കി | ഇടുക്കി |
| | | | കഞ്ഞിക്കുഴി |
| | | | കൊന്നത്തടി |
| | | | വാത്തിക്കുടി |
| | | | ഉപ്പുതോട് |
| | | | തങ്കമണി |
| | | | അയ്യപ്പൻകോവിൽ |
| | | | കട്ടപ്പന |
| | | | കാഞ്ചിയാർ |
| | | പീരുമേട് | പെരുവന്താനം |
| | | | കൊക്കയാർ |
| | | | വാഗമൺ |
| | | | ഏലപ്പാറ |
| | | | ഉപ്പുതറ |
| | | | പീരുമേട് |
| | | | മലപ്പാറ |
| | | | പെരിയാർ |
| | | | മഞ്ചുമല |
| | | | കുമളി |
| | | ഉടുമ്പൻചോല | ശാന്തൻപാറ |
| | | | ചിന്നക്കനാൽ |
| | | | രാജാക്കാട് |
| | | | പൂപ്പാറ |
| | | | രാജകുമാരി |

| | | | |
|---|---|---|---|
| | | | ബൈസൺവാലി |
| | | | കൽക്കുന്തൽ |
| | | | പാറത്തോട് |
| | | | ഉടുമ്പൻചോല |
| | | | കാന്തിപാറ |
| | | | ചതുരംഗപാറ |
| | | | ചക്കുപള്ളം |
| | | | വണ്ടൻമേട് |
| | | | പാമ്പാടുംപാറ |
| | | | കരുണാപുരം |
| | | | ആനവിലാസം |
| | | | അണക്കര |
| | | | ഇരട്ടയാർ |
| | | ദേവികുളം | മന്നാംകണ്ടം |
| | | | പള്ളിവാസൽ |
| | | | വെള്ളത്തൂവൽ |
| | | | കുഞ്ചിത്തണ്ണി |
| | | | ആനവിരട്ടി |
| | | | കണ്ണൻദേവൻ ഹിൽസ് |
| | | | മറയൂർ |
| | | | കീഴാന്തൂർ |
| | | | കാന്തല്ലൂർ |
| | | | ഇടമലക്കുടി |
| | | | കൊട്ടക്കാമ്പൂർ |
| | | | വട്ടവട |
| | | | മാങ്കുളം |
| | | | മൂന്നാർ |
| 7 | എറണാകുളം | കോതമംഗലം | കുട്ടമ്പുഴ |
| 8 | തൃശ്ശൂർ | തലപ്പിള്ളി | കുറുമല-പങ്ങാരപ്പിള്ളി |
| | | | എളനാട്-വെണ്ണൂർ |
| | | | തെക്കുംകര-മണലിത്തറ |
| | | മുകുന്ദപുരം | ആമ്പല്ലൂർ |
| | | | കല്ലൂർ തൃക്കൂർ |
| | | ചാലക്കുടി | വരന്തരപ്പിള്ളി |
| | | | കുറ്റിച്ചിറ |
| | | | മറ്റത്തൂർ |
| | | | മുപ്ലിയം |
| | | | അതിരപ്പിള്ളി |
| | | | പരിയാരം |
| | | | എലിഞ്ഞിപ്ര |
| | | | നന്ദിപുലം |
| | | | വെള്ളിക്കുളങ്ങര |
| | | | കിഴക്കുംമുറി |
| | | | മുരിങ്ങൂർ തെക്കുംമുറി |
| | | | കൊടകര |

| | | | |
|---|---|---|---|
| | | | കോടഞ്ചേരി |
| | | | മേലൂർ |
| 9 | മലപ്പുറം | ഇല്ല | |
| 10 | പാലക്കാട് | ചിറ്റൂർ ക്ലാസ്-I | നെല്ലിയാമ്പതി |
| | | | മുതലമട |
| | | ചിറ്റൂർ ക്ലാസ്-II | കയറാടി |
| | | | വല്ലങ്ങി |
| | | | തിരുവഴിയാട് |
| | | ട്രൈബൽ താലൂക്ക്, അട്ടപ്പാടി ക്ലാസ്-I | അഗളി |
| | | | കള്ളമല |
| | | | പാടവയൽ |
| | | | പുതൂർ |
| | | | ഷോളയൂർ |
| | | | കോട്ടത്തറ |
| | | മണ്ണാർക്കാട് ക്ലാസ് -1 | പാലക്കയം |
| 11 | കോഴിക്കോട് | താമരശ്ശേരി | തിരുവമ്പാടി |
| | | | കൂടരഞ്ഞി |
| | | | കോടഞ്ചേരി |
| | | | നെല്ലിപൊയിൽ |
| | | | പുതുപ്പാടി |
| | | | കൂടത്തായി |
| | | | ഈങ്ങാപ്പുഴ |
| | | | കെടവൂർ |
| | | | കാന്തല്ലാട് |
| | | | കട്ടിപ്പാറ |
| | | കോഴിക്കോട് | കുമാരനല്ലൂർ |
| | | | കൊടിയത്തൂർ |
| | | കൊയിലാണ്ടി | കൂരാച്ചുണ്ട് |
| | | | കായണ്ണ |
| | | | ചക്കിട്ടപ്പാറ |
| | | | ചെമ്പനോട |
| | | വടകര | കാവിലുംപാറ |
| | | | മരുതോംകര |
| | | | കായക്കൊടി |
| | | | വിലങ്ങാട് |
| | | | വളയം |
| | | | തിനൂർ |
| | | | ചെക്യാട് |
| 12 | കണ്ണൂർ | ഇല്ല | |
| 13 | വയനാട് | ജില്ലയിലെ മുഴുവൻ വില്ലേജുകളും | |
| 14 | കാസർഗോഡ് | ഇല്ല | |